ആ പളുങ്കിൻ തീരത്തൊരുനാൾ  ചെന്നിടും നമ്മൾ

നമുക്കിന്നാശ്വസിച്ചീടാം

ഈ കാണും മായാലോകം നമ്മുടേതല്ല

പ്രിയരേ, സൂക്ഷിച്ചൊഴിയുക നാം

സർവ്വം വെടിഞ്ഞു ഞാൻ ക്രൂശെ നോക്കിപ്പോവുകയായ്

വേല തികച്ചാലോ  ജീവകിരീടം പ്രാപിക്കാം

ദൂരെക്കാണും മോഹനദേശം  ലാക്കായ് ഓടുകയായ്

നൂനം വിജയം നേടിടും നീയും കൂടെ ചേർന്നിടുമോ?

വിത്തും  കളയും ഒത്തുവളരും

കാലമിതാണെന്നോർക്കേണം

അന്നൊരു നാളിൽ ദൂതർ വന്ന് കറ്റമെതിച്ചീടും

നീയും  കൂടെ കണ്ടീടുമോ?  ....2

സർവ്വം...

പിസ്ഗാ മുകളിൽ മോശയിരുന്ന്

നോക്കിക്കണ്ടൊരു നാട്ടുണ്ട്

സീയോൻ യാത്രക്കാർക്കായവിടൊരു

ഭവനമൊരുക്കീടും പാലുംതേനുമൊരുക്കീടും ... 2

സർവ്വം...

രക്ഷാനിർണ്ണയമുണ്ടോ നീയും

സീയോൻ യാത്രയിലോ ഇപ്പോൾ

പാപവിമോചകനേശുവിൽ  നീയും ആശ്രയിച്ചിടുമോ

ഇന്ന് വിജയം നേടിടുമോ? ...   2

സർവ്വം...

കരഞ്ഞുകൊണ്ട് വിതച്ചോരെല്ലാം

ആർപ്പോടന്ന് കൊയ്തിടുമെ

അന്ത്യദിനത്തിൽ വേല തികച്ചോർക്കോഹരി നൽകീട്ടും

താതൻ ഒട്ടും കുറയാതെ... 2

സർവ്വം...

കാട്ടും മലയും ഓടിനടന്ന്

വേല ചെയ്തീടാമിന്ന്

യേശുവിനായൊരു ജനത്തെയൊരുക്കി കാത്തിരുന്നീടാം

നമുക്ക് ഒരുങ്ങിയിരുന്നീടാം ...2

Aa palunkin theeratthorunaal  chennidum nammal

namukkinnaashvasiccheedaam

ee kaanum maayaalokam nammudethalla

priyare, sookshicchozhiyuka naam

sarvvam vedinju njaan krooshe nokkippovukayaayu

vela thikacchaalo  jeevakireedam praapikkaam

doorekkaanum mohanadesham  laakkaayu odukayaayu

noonam vijayam nedidum neeyum koode chernnidumo?

vitthum  kalayum otthuvalarum

Kaalamithaanennorkkenam – 2

annoru naalil doothar vannu kattamethiccheedum

neeyum  koode kandeedumo?  ....2

sarvvam...

pisgaa mukalil moshayirunnu

nokkikkandoru naadundu

seeyon yaathrakkaarkkaayavidoru bhavanamorukkeedum

paalumthenumorukkeetum ... 2

Sarvvam

rakshaanirnnayamundo neeyum

seeyon yaathrayilo ippol – 2

paapavimochakaneshuvil  neeyum aashrayicchidumo

innu vijayam nedidumo? …   2

sarvvam

karanjukondu vithacchorellaam

aarppodannu koythidume – 2

anthydinatthil vela thikacchorkkohari nalkeedum

thaathan ottum kurayaathe… 2

sarvvam

kadum malayum odinadannu

vela cheytheedaaminnu – 2

yeshuvinaayoru janattheyorukki kaatthirunneedaam

namukku orungiyirunneedaam …2

aa palunkin   sarvvam…